Mr. C. J. Mathew *(Secretary to Government)* : No figures are available. The company does not keep statistics of the 2irthplace of their workers.

(*b*) 360 persons were thrown out of employment from the company due to the termination of war.

(*c*) A list is appended. *(Please see Appendix IV)*

CHALAKKUDY MARKET—VETTUKADAVU ROAD

460. മിസ്റ്റർ സി. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെൻറ് സദയം മറുപടി പറയുമോ;

(എ) ചാലക്കുടി ചന്തറോഡിൽനിന്നും വെട്ടുകടവിലേക്ക് പോകുന്ന റോഡിൻെറ അത്യാവശ്യകതയെക്കുറിച്ച് ഗവൺമെണ്ടിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ടി റോഡും പുഴയുമായി സംബന്ധിപ്പിക്കുന്നതിന് ഇനി എത്ര ദൂരമാണ് ബാക്കിയുള്ളത്;

(സി) ആ റോഡിൻെറ പണി പൂർത്തിയാക്കുവാൻ ഗവൺമെണ്ട് വിചാരിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ന് പൂർത്തിയാക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഈ റോഡ് ആവശ്യമാണ്.

(ബി) ചാലക്കുടി റോഡിൽനിന്ന് ൪ ഫർലോങ്ങ് ദൂരം പഞ്ചായത്ത് റോഡ് ഇപ്പോൾ ഉണ്ട്. ഈ റോഡ് വീതികൂട്ടുകയും ഉടൻ രണ്ട് ഫർലോങ്ങ് ദൂരം പുതിയ റോഡ് നിർമ്മിക്കുകയും വേണം.

(സി) ഉവ്വ്.

(ഡി) സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള വേണ്ടതായ നടപടി തുടങ്ങി, റോഡു പണി കഴിയുന്ന വേഗത്തിൽ പൂർത്തിയാക്കുന്നതാണ്.

CERTAIN TOLLS—CHITTUR TALUK

461. മിസ്റ്റർ കെ. എസ്സ്. പണിക്കർ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് ദയവായി മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിൽ കർഷയമ്പാറയിൽനിന്നു കൊഴിഞ്ഞാമ്പാറ, കോഴിപ്പാറ, ശൌരിയാർ പാളയം മുതലായ സ്ഥലങ്ങളിലേക്കു ഒരു വാഹനം കൊണ്ടുപോകയാണെങ്കിൽ ചുങ്കം കൊടുക്കേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ചുങ്കമാണ്;

(സി) മേടനാൻപാറ ചുങ്കത്തിൽനിന്നു വേലൻ താവളം ചുങ്കത്തിലേക്ക് എത്ര മൈലുണ്ട്;

(ഡി) മേൽപറഞ്ഞ ചുങ്കങ്ങളിൽ ബ്രിട്ടിഷ്തുത്തിയിൽ ഉള്ള ചുങ്കം ഏതാണ്?

റാവു സാഹിബ് എ. മാധവപ്രഭു:

(എ) കൊഴിഞ്ഞാമ്പാറക്ക് പോകുമ്പോൾ ഒരു ചുങ്കം കൊടുക്കാനുണ്ട്. കർഷയമ്പാറയിൽനിന്നും കോഴിപാറക്കും ശൌരിയാർ പാളത്തേക്കും വാഹനം കൊണ്ടുപോകാൻ ചുങ്കം കൊടുക്കേണ്ടതില്ല.

(ബി) കൊഴിഞ്ഞാമ്പാറക്കു പോകുമ്പോൾ മേനോൻ പാറ ചുങ്കം.

(സി) ൪ മൈൽ ൫ ഫർലോങ്ങ്.

(ഡി) വേലൻ താവളം ചുങ്കം.

COCHIN RESTAURANTS

462. Mr. P. Kumaran Ezhuthassan *(Vadakkancheri)* : Will Government be pleased to state.—

(*a*) what is the number of Cochin Restaurants existing in the State on the last day of Karkadagam 1120;

(*b*) whether any new restaurant has been opened since 1st Chingam 1121 and if so, how many;

(*c*) whether any restaurant existing in 1120 has been stopped since 1st Chingam 1121;

(d) what is the total expenditure to the Government on these restaurants per month?

LIBRARY ARCHIVES Kerala Legislative Assembly